STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com

No. B2/2970/22/SCOLE-Kerala

Date: 04.07.2022

പത്രക്കുറിപ്പ്

## സ്കോൾ-കേരള ഡി.സി.എ പരീക്ഷ ഫലം പ്രസിദ്ധപ്പെടുത്തി

സ്കോൾ-കേരള നടത്തിയ ഡി.സി.എ (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സ് ആറാം ബാച്ചിന്റെ, 2022 മെയ്, ജൂൺ മാസങ്ങളിലായി നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സംസ്ഥാനത്താകെ **952** വിദ്യാർത്ഥികൾ പരീക്ഷ എഴുതിയിരുന്നു. ഇവരിൽ **776** വിദ്യാർത്ഥികൾ **(81.51% ശതമാനം)** നിശ്ചിത യോഗ്യത നേടി. **723** വിദ്യാർത്ഥികൾ ഡിസ്റ്റിംഗ്ഷനും, **53** പേർ ഫസ്റ്റ് ക്ലാസ്സും നേടി. തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്(1059) ൽ പരീക്ഷ എഴുതിയ **Anju I,(Reg.No.60108)** ഒന്നാം റാങ്കും, തിരുവനന്തപുരം ജി.എം.ജി.എച്ച്.എസ്.എസ്, പട്ടം (1021) സ്കൂളിൽ പരീക്ഷ എഴുതിയ **Niza S (Reg.No.60047)** രണ്ടാം റാങ്കും, തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ ഗുരുകുലം എച്ച്.എസ്.എസിൽ (1070) പരീക്ഷ എഴുതിയ **Kavya A R (Reg.No.60126)**, കൊല്ലം തേവള്ളി ഗവ.മോഡൽ ബോയ്സ് എച്ച്.എസ്.എസിൽ (2004) പരീക്ഷ എഴുതിയ **Keerthana K A (Reg.No.60151)**, എറണാകുളം ജി.എം.എച്ച്.എസ്.എസ്, ചെറുവത്തൂരിൽ (7015) പരീക്ഷ എഴുതിയ **Anaswara Anil (Reg.No.60438)** എന്നിവർ മൂന്നാം റാങ്കും നേടി. പരീക്ഷാ ഫലം സ്കോൾ കേരള വെബ് സൈറ്റിൽ **(www.scolekerala.org)** ലഭ്യമാണ്.

ഉത്തരകടലാസ് പുനർമൂല്യനിർണ്ണയത്തിന് **05.07.2022** മുതൽ 11.07.2022 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. സ്കോൾ കേരള വെബ് സൈറ്റിലുള്ള നിർദ്ദിഷ്ട അപേക്ഷാ ഫാറത്തിലാണ് അപേക്ഷിക്കേണ്ടത്. ഒരു പേപ്പറിന് 200/- രൂപയാണ് പുനർ മൂല്യനിർണ്ണയ ഫീസ്. ഫീസ് ഓൺലൈനായും, ഓഫ് ലൈനായും അടയ്ക്കാവുന്നതാണ്. ഓഫ്ലൈനായി ഫീസ് അടയ്ക്കുന്നതിന് സ്കോൾ-കേരള വെബ്സൈറ്റിലെ (www.scolekerala.org) 'ജനറേറ്റ് ചെലാൻ' എന്ന ലിങ്കിൽ നിന്നും പുനർമൂല്യനിർണ്ണയ ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ ജനറേറ്റ് ചെയ്ത് ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് അടച്ച അസൽ ചെലാനും, മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഉൾപ്പെടെ (സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്) ബന്ധപ്പെട്ട പരീക്ഷ കേന്ദ്രം പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA * SCOLE-KERALA * Vidhya Bhavan Poojappura Thiruvananthapurm 695012

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻചാർജ്

C1/E/DCA/Letters/Press/9